(ഡി) വിസിറ്റിംഗ് ഏജന്റിന്റെ നിയമനം എത്ര കാലത്തേയ്ക്കാണ് എന്നും അദ്ദേഹത്തെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ എന്തെല്ലാം എന്നും വെളിപ്പെടുത്തുമോ;

(ഇ) ഇതുവരെ പ്രസ്തുത വിസിറ്റിംഗ് ഏജന്റിന് റ്റി.എ.ഡി.എ. മറ്റാനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ ഏന്തു തുക വീതം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എഡ്വിൻ. എസ്. അലക്സാണ്ടറെയാണ് വിസിറ്റിംഗ് ഏജന്റായി നിയമിച്ചിട്ടുള്ളത്. എം.എ. ബിരുദധാരിയായ ഇദ്ദേഹം 1966 മുതൽ 1985 വരെ തോമസ് ഗ്രൂപ് ഓഫ് എസ്റ്റേറ്റിന്റെ എക്സിക്യൂട്ടീവ്/മാനേജരായും. 1985 മുതൽ 1986 വരെ നാഞ്ചിൽ റബ്ബർ പ്രൊഡക്ട്സിന്റെ മാനേജിംഗ് ഡയറക്ടറായും 1986 മുതൽ 1993 വരെ പാലാളി എസ്റ്റേറ്റിന്റെ മാനേജരായും പ്രവർത്തിച്ചിട്ടുള്ളതു കൂടാതെ 1986 മുതൽ 1988 വരെ പ്രൈവറ്റ് പ്ലാന്റേഷൻ മേഖലയിൽ വിസിറ്റിംഗ് ഏജന്റായും 1988-91, 1993-95 എന്നീ കാലയളവുകളിൽ അരശു റബർ കോർപ്പറേഷന്റെ ടെക്നിക്കൽ കൺസൾട്ടന്റായും പ്രവർത്തനമനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം ശിക്ഷാ നടപടിക്ക് വിധേയനായിട്ടുണ്ടോ എന്ന കാര്യം അറിയില്ല.

(സി) എസ്റ്റേറ്റ് വിസിറ്റ് നടത്തുന്നതിന് ഹെക്ടറിന് 5 രൂപാ പ്രകാരം പ്രതിഫലം നൽകുന്നത് കൂടാതെ, യാത്രക്കൂലി, താമസം എന്നീ ഇനങ്ങളിൽ കോർപ്പറേഷൻ സൗകര്യം ചെയ്തു കൊടുത്തില്ലെങ്കിൽ അതിനുള്ള ചെലവും അനുവദിച്ച് കൊടുക്കുന്നതാണ്.

(ഡി) വിസിറ്റിംഗ് ഏജന്റിന്റെ നിയമനം രണ്ടു വർഷത്തേയ്ക്കാണ്. കോർപ്പറേഷന്റെ റബർ എസ്റ്റേറ്റുകളിലും, ഫാക്ടറികളിലും വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും സന്ദർശിക്കുക, ഇങ്ങനെ സന്ദർശിച്ചശേഷം കോർപ്പറേഷന്റെ എല്ലാ യൂണിറ്റിലുമുള്ള പാകമായതും പാകമാകാത്തതുമായ റബർ തൈകളെ കുറിച്ചും കോർപ്പറേഷന്റെ ഫാക്ടറിയുടെ പ്രവർത്തനത്തെക്കുറിച്ചും റിപ്പോർട്ട് സമർപ്പിക്കുക എന്നിവയാണ് വിസിറ്റിംഗ് ഏജന്റിനെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ.

(ഇ) റ്റി.എ.ഡി.എ. എന്നീ ഇനങ്ങളിൽ 2968 രൂപയും ടൈപ്പിംഗ് ചാർജ്ജിനു നൽകിയ 53 രൂപയും ചേർത്ത് മൊത്തം 3021/- രൂപ നൽകിയിട്ടുണ്ട്.

വെറ്റിലപ്പാറ എസ്റ്റേറ്റിലെ ഫാം ടൂറിസം പദ്ധതി

133(1959)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാന്റേഷൻ കോർപ്പറേഷന്റെ വെറ്റിലപ്പാറ എസ്റ്റേറ്റിലെ ഫാം ടൂറിസം പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ നിർമ്മാണം നേരിട്ടാണോ ടെണ്ടർ വിളിച്ചാണോ നടത്തിയിട്ടുള്ളത്; നേരിട്ടാണെങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ നടപടി നിയമവിധേയമാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കായി നാളിതുവരെ എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(ഡി) പദ്ധതിയുടെ നടത്തിപ്പിന് സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാർ കോർപ്പറേഷനിലുണ്ടോ;

(ഇ) എങ്കിൽ എത്ര പേർ ആരെല്ലാം;

(എഫ്) ഇവരുടെ സേവനം ഈ പദ്ധതിയുടെ നടത്തിപ്പിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ പദ്ധതിക്കായി ഒരിക്കൽ നടത്തിയ നിർമ്മാണ പ്രവർത്തനം വീണ്ടും നടത്താൻ ഇടവന്നിട്ടുണ്ടോ;

(ഐ) എങ്കിൽ ഏതെല്ലാം ജോലികൾ വീണ്ടും ചെയ്തിട്ടുണ്ടെന്നും ആയതിന് ഉത്തരവാദികൾ ആരെല്ലാം എന്നും വ്യക്തമാക്കുമോ;

(ജെ) ഇവരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പ്ലാന്റേഷൻ കോർപ്പറേഷന്റെ ഫാം ടൂറിസം പദ്ധതിയുടെ ഭാഗമായ മൂന്ന് ഇരട്ട കോട്ടേജുകൾ, ഭക്ഷണ ശാല, തുടങ്ങിയവയുടെ പണി ഏകദേശം 80 ശതമാനത്തോളം പൂർത്തിയായി. നീന്തൽക്കുളം ലാൻഡ് സ്കേപ്പിംഗ് എന്നിവയുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഏതാനും പണികൾ നേരിട്ടും ഏതാനും പണികൾ ടെണ്ടർ വിളിച്ചുമാണ് ചെയ്യുന്നത്. കോർപ്പറേഷൻ നേരിട്ടു നടത്തുന്ന ജോലികൾക്ക് കോർപ്പറേഷനിലെ തൊഴിലാളികളുടെ മനുഷ്യ പ്രയത്നം പ്രയോജനപ്പെടുത്താൻ കഴിയുന്നു. ഈ നടപടിക്ക് കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ അനുമതിയുണ്ട്. ഈ നടപടി നിയമവിധേയമാണ്.

(സി) ഏകദേശം 65 ലക്ഷത്തോളം രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിംഗിലെ ചീഫ് കൺസ്ട്രക്ഷൻ എഞ്ചിനീയർ, സീനിയർ കൺസ്ട്രക്ഷൻ എഞ്ചിനീയർ, കൺസ്ട്രക്ഷൻ എഞ്ചിനീയർ എന്നിവരെ കൂടാതെ അവരുടെ കീഴ് ജീവനക്കാർ, എസ്റ്റേറ്റ് മാനേജർ അദ്ദേഹത്തിന്റെ കീഴ് ജീവനക്കാർ എന്നിവർ.

(എഫ്) ഉണ്ട്.

(ജി) ഉദിക്കുന്നില്ല.

(എച്ച്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഓരോ കോട്ടേജിലെയും സന്ദർശക മുറി മറ്റൊരു കിടക്കമുറിയായി മാറ്റുന്നതിനുള്ള ജോലികൾ, കോർപ്പറേഷന് കൂടുതൽ വരുമാനമുണ്ടാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട്, കോർപ്പറേഷന്റേയും കെ.ടി.ഡി.സി.യുടേയും സംയുക്തയോഗത്തിലെടുത്ത തീരുമാനപ്രകാരം നടത്തുന്നുണ്ട്.

(ജെ) ഉദിക്കുന്നില്ല.

തമിഴ്നാട്ടിൽ നിന്നും വരുന്ന പച്ചക്കറിയുടെ കണക്ക്

134(160)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തമിഴ്നാട്ടിൽനിന്നും ഇപ്പോൾ പ്രതിദിനം എത്ര ലോഡ് പച്ചക്കറികൾ വരുന്നു എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) 1996-ൽ എത്ര ലോഡ് വന്നിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) തമിഴ്നാട്ടിലെയും കേരളത്തിലെയും പച്ചക്കറികളുടെ വിലനിലവാരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ സഹായത്തോടെ ഈ വിവരങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുവാൻ കൃഷി വകുപ്പ് പരിപാടിയിട്ടിട്ടുണ്ട്. ഇതിലൂടെ മാത്രമേ കൃത്യമായ കണക്കുകൾ ലഭ്യമാക്കുകയുള്ളൂ.

കൃഷി ഓഫീസർ തസ്തികയിലെ നിയമനം

135(1961)ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഓഫീസർ തസ്തികയിൽ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിലേയ്ക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അതിൽനിന്നും എത്രപേരെ നിയമനത്തിനായി ശുപാർശ ചെയ്തു;

(ബി) ഒഴിവുള്ള തസ്തികകളിൽ നിലവിലുള്ള ലിസ്റ്റിൽനിന്നും നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) എംപ്ലോയ്മെന്റ് സെല്ലിൽ യഥാസമയം റിപ്പോർട്ട് ലഭിക്കാറുണ്ടോ; എങ്കിൽ ലഭിക്കുന്ന റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഒരാളെ നിയമനത്തിനായി ശുപാർശ ചെയ്യുകയും ടിയാളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly